## സാമൂഹ്യനീതി ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: ജാഫർ മലിക് IAS)

തിരുവനന്തപുരം

ഉത്തരവ് നം.: D1-5510/18. തീയതി: 31.1.2019

വിഷയം: സാമൂഹ്യനീതി വകുപ്പ്- തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ മാതാവിന് / രക്ഷകർത്താവിന് (സ്ത്രീ) സ്വയംതൊഴിൽ ആരംഭിക്കുന്നതിന് സഹായം നൽകുന്ന സ്വാശ്രയ പദ്ധതിയ്ക്ക് ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. സ.ഉ(സാധാ)നം.378/2018 / സാ.നീ.വ, തീയതി: 25.06.2018
2. സാ.നീ.ഡയറക്ടറുടെ 9.7.2018ലെ മേൽ നമ്പർ നടപടിക്രമങ്ങൾ.
3. സാ.നീ.ഡയറക്ടറുടെ 28.6.18ലെ മേൽ നമ്പർ സർക്കുലർ.
4. ഫണ്ടിനായി ജില്ലാ കാര്യാലയങ്ങളിൽ നിന്നുള്ള അപേക്ഷകൾ.

തീവ്രശാരീരിക / മാനസിക വെല്ലുവിളി നേരിടുന്ന മകനെ / മകളെ പരിപാലിക്കുന്ന മാതാവിന് / രക്ഷകർത്താവിന് (സ്ത്രീ ആയിരിക്കണം) സ്വയം തൊഴിൽ ആരംഭിക്കുന്നതിനായി ഒറ്റത്തവണ ധനസഹായമായ 35,000/- രൂപ അനുവദിക്കുന്ന 'സ്വാശ്രയ' പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ ഇപ്രകാരം 35,000/- രൂപ ക്രമത്തിൽ 210 പേർക്ക് ധനസഹായമനുവദിക്കുന്നതിനായി 73,50,000/- രൂപ അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ടി പദ്ധതിയ്ക്കായി മേൽ പരാമർശം (2) പ്രകാരം ആദ്യഘട്ട തുക 3,50,000/- രൂപ വീതം 14 ജില്ലകൾക്കുമായി ആകെ 49,00,000/- രൂപ മുൻകൂറായി അനുവദിച്ചിട്ടുണ്ട്. തുടർന്നും ധനസഹായം അനുവദിക്കുന്നതിനായി മേൽ പരാമർശം (4) പ്രകാരം വിവിധ ജില്ലാസാമൂഹ്യനീതി ഓഫീസർമാർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

മേൽ പരാമർശം (2) പ്രകാരം 3,50,000/- രൂപ വീതം 14 ജില്ലകൾക്കുമായി അനുവദിച്ചിട്ടുള്ള 49 ലക്ഷം രൂപയിൽ നിലവിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ 34,65,000/- രൂപ ചിലവായിട്ടുള്ളതും 14,35,000/- രൂപ ജില്ലാ സാമൂഹ്യനീതി ആഫീസർമാരുടെ allocation-ൽ ബാക്കിയുള്ളതുമാണ്, മിച്ചമുള്ള തുക 14,35,000/- രൂപ കൂടാതെ, 37,45,000/- രൂപ വിവിധ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പരാമർശം (4) പ്രകാരം അധികമായി ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത സാഹചര്യത്തിൽ ആദ്യഘട്ടമായി അനുവദിച്ച തുകയിൽ നിന്നും മിച്ചമുള്ള തുക പോകെ മേൽ പരാമർശം (4) പ്രകാരം ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ആവശ്യപ്പെട്ട തുക പരാമർശം (1), (3) എന്നിവയുടെ അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം 37,45,000/- രൂപ അനുവദിച്ച് ഉത്തരവാകുന്നു.

db@

| ക്രമ നം. | ജില്ല | ഒന്നാം ഘട്ടം അനുവദിച്ച തുക | രണ്ടാംഘട്ടം അനുവദിക്കുന്ന തുക |
|---|---|---|---|
| 1. | തിരുവനന്തപുരം | 3,50,000/- | 15,05,000/- |
| 2. | കൊല്ലം | 3,50,000/- | 7,70,000/- |
| 3. | പത്തനംതിട്ട | 3,50,000/- | 1,05,000/- |
| 4. | ആലപ്പുഴ | 3,50,000/- | 2,10,000/- |
| 5. | കോട്ടയം | 3,50,000/- | 1,05,000/- |
| 6. | ഇടുക്കി | 3,50,000/- | 1,05,000/- |
| 7. | എറണാകുളം | 3,50,000/- | 0 |
| 8. | തൃശ്ശൂർ | 3,50,000/- | 0 |
| 9. | പാലക്കാട് | 3,50,000/- | 2,45,000/- |
| 10. | മലപ്പുറം | 3,50,000/- | 5,25,000/- |
| 11. | കോഴിക്കോട് | 3,50,000/- | 1,75,000/- |
| 12. | വയനാട് | 3,50,000/- | 0 |
| 13. | കണ്ണൂർ | 3,50,000/- | 0 |
| 14. | കാസർഗോഡ് | 3,50,000/- | 0 |
| | **ആകെ** | **49,00,000/-** | **37,45,000/-** |

(ആകെ മുപ്പത്തി ഏഴ് ലക്ഷത്തി നാൽപ്പത്തയ്യായിരം രൂപ മാത്രം)

ഇത് സംബന്ധിച്ച ചെലവ് നടപ്പ് സാമ്പത്തിക വർഷത്തിലെ 2235-60-200-83(P) ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ പരാമർശം (3)ലെ സർക്കുലർ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കേണ്ടതും പദ്ധതി നിർവ്വഹണ റിപ്പോർട്ട് ഗുണഭോക്താക്കളുടെ വിവരങ്ങൾ, ധനവിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ ഈ കാര്യാലയത്തിൽ യഥാസമയം ഹാജരാക്കേണ്ടതാണ്.

(ഒപ്പ്)
**സാമൂഹ്യനീതി ഡയറക്ടർ**

ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാക്ക്.

പകർപ്പ്:

1. സൂപ്രണ്ട്, എ-സെക്ഷൻ, PC സെക്ഷൻ
2. സ്റ്റോക്ക് ഫയൽ/ സ്പെയർ.

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്

db@